5270
19/11

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പത്തനംതിട്ട നഗരസഭ - ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങൽ - വിവിധ സർവ്വെ നമ്പരുകളിൽപ്പെട്ട സ്ഥലങ്ങൾ അക്വയർ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

## തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ) 3972/2008/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, നവംബർ 12, 2008.

പരാമർശം:
1. പത്തനംതിട്ട നഗരസഭയുടെ 26-07-2007-ലെ 16-ാം നമ്പർ കൗൺസിൽ തീരുമാനം.
2. പത്തനംതിട്ട മുനിസിപ്പൽ സെക്രട്ടറിയുടെ 17-03-2008-ലെ ഇ.1- 3914/07 നമ്പർ കത്ത്.
3. നഗരകാര്യ ഡയറക്ടറുടെ 20-10-2008-ലെ ജി.3-8531/08 നമ്പർ കത്ത്.

### ഉത്തരവ്

2006-07 വർഷത്തെ കേരള വികസന പദ്ധതിയിലുൾപ്പെടുത്തി നഗരസഭാതിർത്തിക്കുള്ളിലെ ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിനായി കോഴഞ്ചേരി താലൂക്കിൽ പത്തനംതിട്ട വില്ലേജിൽ മലയാലപ്പുഴ ഇടനാട് മുറിയിൽ പുതുപ്പറമ്പിൽ വീട്ടിൽ ശ്രീ.പി.എൻ.പ്രസന്നൻ പിള്ള, ഭാര്യ ഉഷാകുമാരി എന്ന് പേരുള്ള പത്മകുമാരി എന്നിവരുടെ ഉടമസ്ഥതയിലുള്ള സർവ്വേ നമ്പർ കെ-150/1-1-91-ൽ 1.62 ആർ സ്ഥലവും സർവ്വേ നമ്പർ കെ-150/1-1-351-ൽ 17.40 ആർ സ്ഥലവും സർവ്വേ നമ്പർ കെ-150/1-1-390-ൽ 1.21 ആർ സ്ഥലവും അങ്ങാടിക്കൽ വില്ലേജിൽ അങ്ങാടിക്കൽ വടക്കേക്കര മുറിയിൽ പത്മവിലാസത്ത് വീട്ടിൽ ശ്രീ.ശശിധരക്കുറുപ്പിന്റെ ഉടമസ്ഥതയിലുള്ള സർവ്വേ നമ്പർ കെ-150/1-53-1-ൽ 20.24 ആർ സ്ഥലവും ഏനാത്ത് വില്ലേജിൽ ഏനാത്ത് മുറിയിൽ പെരുമ്പ്രാൻ തെക്കേതിൽ വീട്ടിൽ ശ്രീ.ശശിധരൻ ഭാര്യ ശ്രീമതി.സുവർണ്ണകുമാരിയുടെ പേരിലുള്ള സർവ്വേ നമ്പർ കെ-150/1-1-309-ൽ 44.52 ആർ സ്ഥലവും ഉൾപ്പെടെ ആകെ 84.99 ആർ സ്ഥലം അർജൻസി ക്ലോസിൽപ്പെടുത്തി അക്വയർ ചെയ്യുന്നതിന് പത്തനംതിട്ട നഗരസഭ പരാമർശം (1) പ്രകാരം തീരുമാനിക്കുകയും ആയതിലേയ്ക്ക് അനുമതിയ്ക്കായി പരാമർശം (2) പ്രകാരം സർക്കാരിൽ അപേക്ഷിക്കുകയും ചെയ്തു. അക്വിസിഷനാവശ്യമായ തുക (രൂപ 19,24,000/-) ബഡ്ജററിൽ വകയിരുത്തിയിട്ടുണ്ടെന്ന് നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം പാർപ്പിട നിർമ്മാണത്തിന് അനുയോജ്യമാണെന്ന് മുനിസിപ്പൽ

(മറുപുറം)

എൻജിനീയറും മുനിസിപ്പൽ ഹെൽത്ത് ഓഫീസറും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പത്തനംതിട്ട നഗരസഭയുടെ പ്രൊപ്പോസലിന് അനുമതി നൽകി ഉത്തരവാകണ മെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം (3) പ്രകാരം ശുപാർശ ചെയ്തിട്ടുമുണ്ട്.

2. ഈ സാഹചര്യത്തിൽ ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങുന്ന തിനായി മേൽ പ്രസ്താവിച്ച വിവിധ സർവ്വേ നമ്പരുകളിൽപ്പെട്ട 84.99 ആർ സ്ഥലം അർജൻസി ക്ലോസിൽപ്പെടുത്തി അക്വയർ ചെയ്യുന്നതിന് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി പത്തനംതിട്ട നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) അക്വിസിഷനാവശ്യമായ തുകയുടെ 80% മുൻകൂറായി പത്തനം തിട്ട ജില്ലാ കളക്ടർ മുമ്പാകെ ഒടുക്കേണ്ടതാണ്.

(ii) അക്വിസിഷൻ സംബന്ധമായി സർക്കാരിന് യാതൊരുവിധ സാമ്പത്തിക ബാധ്യതയോ വ്യവഹാരങ്ങളിൽ ബാധ്യതയോ ഉണ്ടായിരിക്കുന്നതല്ല.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം.

വി.കെ.രാജപ്പൻ,
ഡെപ്യൂട്ടി സെക്രട്ടറി.

To

സെക്രട്ടറി, പത്തനംതിട്ട നഗരസഭ, പത്തനംതിട്ട.

ജില്ലാ കളക്ടർ, പത്തനംതിട്ട.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ് സൈറ്റിലും മറ്റും പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.